## ഒൻപതാം സമ്മേളനം - സംക്ഷിപ്തം

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ജനുവരി മാസം 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടിയാണ് ഈ സമ്മേളനം ആരംഭിച്ചത്. 2018-2019 വർഷത്തെ ബഡ്ജറ്റ് ഫെബ്രുവരി 2-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ടു.

2. ഒൻപതാം സമ്മേളനം ആകെ 11 ദിവസമാണ് സമ്മേളിച്ചത്. അതിൽ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ചർച്ച ചെയ്യുന്നതിനായും ബഡ്ജറ്റിന്റെ പൊതുചർച്ചയ്ക്കായും മൂന്ന് ദിവസം വീതം വിനിയോഗിച്ചു. നിയമനിർമ്മാണത്തിനായി രണ്ട് ദിവസം വിനിയോഗിച്ചു കൊണ്ട് 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ ഈ സമ്മേളനത്തിൽ പാസ്സാക്കുകയും 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും സംബന്ധിച്ച രണ്ട് ബില്ലുകൾ സബ്ജക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. ഈ സമ്മേളനത്തിൽ എട്ട് അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് സഭ പരിഗണിച്ചു. 270 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും

3228 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 29 ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. വാക്കാൽ മറുപടി നൽകിയ പ്രസ്തുത ചോദ്യങ്ങളിന്മേൽ സഭാതലത്തിൽ 251 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും മറുപടി പറയുകയും ചെയ്തു.

4. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, തൊഴിലും എക്സൈസും വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി എന്നിവർ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി (1 എണ്ണം), ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (2 എണ്ണം), ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (4 എണ്ണം), എന്നിവർ നാമമാത്രമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ മാത്രമേ നല്കുവാനുള്ളൂ.

5. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മേൽ

സൂചിപ്പിച്ച വകുപ്പുമന്ത്രിമാരുടെ നടപടി അനുകരണീയമാണ്, മാതൃകാപരമാണ്.

6. പതിനാറ് ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെയും 101 സബ്മിഷനുകളിലൂടെയും വിവിധ ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു.

7. സംസ്ഥാനം നേരിട്ട ഓഖി ദുരന്തവും അതിന് സർക്കാർ സ്വീകരിച്ച ദുരിതാശ്വാസ നടപടികളും സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും രാഷ്ട്രപിതാവിന്റെ രക്തസാക്ഷിത്വത്തിന്റെ എഴുപതാം വാർഷിക ആചരണം സംബന്ധിച്ച് ശ്രദ്ധേയമായ പരിപാടികൾ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിയും ചട്ടം 300 അനുസരിച്ച് ഓരോ പ്രസ്താവനകൾ നടത്തുകയുണ്ടായി. 2017-ലെ സാമ്പത്തികാവലോകനം, ജസ്റ്റിസ് പി. എസ്. ആന്റണി കമ്മീഷൻ റിപ്പോർട്ട്, കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ്, അപ്രോപ്രിയേഷൻ അക്കൗണ്ട്, സംസ്ഥാന ധനകാര്യ കമ്മീഷന്റെ അഞ്ചാമത് റിപ്പോർട്ട് എന്നിവ നടപ്പുസമ്മേളനത്തിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

8. നമ്മുടെ സഭയിലെ അംഗമായിരുന്ന കെ. കെ. രാമചന്ദ്രൻനായർ, മുൻമന്ത്രിയും പ്രഥമ കേരള നിയമസഭ മുതൽ നിരവധി നിയമസഭകളിൽ അംഗവും

മുൻ മന്ത്രിയും സി.പി.ഐ. യുടെ പ്രമുഖ നേതാവുമായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ എന്നീ മഹത് വ്യക്തിത്വങ്ങളുടെ നിര്യാണത്തിൽ 23-1-18-ന് സഭ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി.

9. പതിനൊന്ന് ദിവസം നീണ്ടുനിന്ന ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച സഭാനേതാവിനോടും മറ്റു മന്ത്രിമാരോടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും മറ്റെല്ലാ അംഗങ്ങളോടും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടത്തിപ്പിനായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേതടക്കമുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.........ഓർഡർ..... സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 4.16-ന്

അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)